(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം നടത്തിവരുന്ന സർക്കാർ ഏജൻസിയിൽനിന്നും നിയമന പ്രക്രിയ മാറ്റുന്നതിന് കാരണം വ്യക്തമാക്കാമോ?

നിലവിൽ PSC മുഖേനയല്ലാത്ത തസ്തികകളിൽ (MD ഒഴികെ) അതത് പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെയാണ് നിയമനങ്ങൾ നടത്തിവരുന്നത്. ഇതിനായി ഏതെങ്കിലും സർക്കാർ ഏജൻസികളെ നിയോഗിച്ചിട്ടില്ല.

പി.എസ്.സി.യുടെ പ്രവർത്തനം യു.പി.എസ്.സി.-യുടെ മാതൃകയിൽ ആക്കണമെന്ന നിർദ്ദേശം

38 (4762) ശ്രീ. എ. കെ. എം. അഷ്റഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് പി.എസ്.സി.യുടെ പ്രവർത്തനം യു.പി.എസ്.സി.-യുടെ മാതൃകയിൽ ക്രമീകരിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

&

(ബി) പി.എസ്.സി. പരീക്ഷകൾക്ക് വാർഷിക കലണ്ടർ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

യു.പി.എസ്.സി.യെക്കാൾ കൂടുതൽ പരീക്ഷകളും തസ്തികകളും കൈകാര്യം ചെയ്യേണ്ടിവരുന്നതിനാലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരീക്ഷാ കേന്ദ്രങ്ങൾക്കായി ആശ്രയിക്കേണ്ടിവരുന്നതിനാലും വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

(സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ നിയമനം ആവശ്യമില്ലാത്തവർക്ക് റാങ്ക് ലിസ്റ്റിൽനിന്നും പിന്മാറുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കണമെന്ന ആവശ്യത്തിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളിൽ പേര് ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥിക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡ്യറിലെ ചട്ടം 18(ii)-ലെ വ്യവസ്ഥകൾക്ക് വിധേയമായി തന്റെ നിയമനത്തിനായുള്ള അവകാശം പരിത്യജിക്കാവുന്നതാണ്. ആയതിന് സമർപ്പിക്കുന്ന അപേക്ഷയിലെ ടിയാന്റെ പേര്/മേൽവിലാസം, ഒപ്പ് എന്നിവ കേന്ദ്ര/സംസ്ഥാന സർവീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. പരിത്യജിക്കലിനായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗസ്റ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ Affidavit, അപേക്ഷകന്റെ ഫോട്ടോയുള്ള ID proof-ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് പതിനഞ്ച് ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷകളും പതിനഞ്ച് ദിവസം കഴിഞ്ഞാണെങ്കിൽ അപേക്ഷകൻ ഉൾപ്പെടാൻ സാദ്ധ്യതയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് മുൻപ് സമർപ്പിക്കപ്പെടുന്ന അപേക്ഷകളും പരിത്യജിക്കലിനായി പരിഗണിക്കുന്നതാണ്. പരിത്യജിക്കൽ സംബന്ധിച്ച് നിലവിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

39 (4763) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൻസർക്കാരിന്റെ അഞ്ച് വർഷത്തെ ഭരണകാലത്ത് പ്രസിദ്ധീകരിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ എണ്ണമെത്രയെന്ന് അറിയിക്കാമോ?

25-5-2016 മുതൽ 20-5-2021 വരെ 4,253 (നാലായിരത്തി ഇരുന്നൂറ്റി അൻപത്തിമൂന്ന്) റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാലത്ത് പ്രസിദ്ധീകരിച്ച പല റാങ്ക് ലിസ്റ്റുകളിലും നിയമന വേഗത കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റാങ്ക് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ റവന്യൂ ഉൾപ്പെടെയുള്ള പല വകുപ്പുകളിലും ഉയർന്ന തസ്തികകളിലുള്ള പ്രൊമോഷൻ വൈകുന്നതുമൂലം പരമാവധി പേർക്ക് നിയമനം ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) ഇതിന് പരിഹാരമായി ഓരോ വകുപ്പിലുമുള്ള പ്രൊമോഷനുകൾ സമയ ബന്ധിതമായി നൽകുന്നതിനും ഇതുവഴി റാങ്ക് ലിസ്റ്റിലുൾപ്പെട്ട കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനാവശ്യമായ സത്വര നടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നുണ്ട്. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസുകൾ എന്നിവമൂലം റെഗുലർ പ്രൊമോ